"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2023-24 - നേമം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 3150-ന് എൻ സി ഡി സി ധനസഹായം അനുവദിക്കുന്നത് - രണ്ടാം ഗഡു ധനസഹായം ഡി സാങ്ഷൻ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.192/2024/Co-Op തീയതി,തിരുവനന്തപുരം, 09-04-2024

---

പരാമർശം:- 1. 23/11/2012 ലെ എൻ സി ഡി സി (റ്റി) 4-11(4)/2012/എസ്.റ്റി.ജി *337*എസ് എ 20215 നം കത്ത്

2. സ.ഉ (സാധാ) നം.217/2013/സഹ തീയതി 26/03/2013

3. സഹകരണ സംഘം രജിസ്ട്രാറുടെ 22/03/2024 ലെ പി & എം എ (3)5743/22 നം. കത്ത്

**ഉത്തരവ്**

നേമം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 3150-ന് ഗോഡൗൺ നിർമ്മാണത്തിനുള്ള എൻ.സി.ഡി.സി ധനസഹായമായി 21.780 ലക്ഷം രൂപ (ഓഹരി - 8.455 ലക്ഷം രൂപ, വായ്പ - 12.100 ലക്ഷം രൂപ, സബ്സിഡി - 1.225 ലക്ഷം രൂപ) അനുവദിക്കുന്നതിന് എൻ.സി.ഡി.സി-യുടെ പരാമർശം (1) പ്രകാരം അനുമതി ലഭിച്ചിരുന്നു. ടി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി 10.890 ലക്ഷം രൂപ (ഓഹരി - 4.227 ലക്ഷം രൂപ, വായ്പ - 6.050 ലക്ഷം രൂപ, സബ്സിഡി - 0.613 ലക്ഷം രൂപ) പരാമർശം (2) പ്രകാരം സംഘത്തിന് അനുവദിച്ച് നൽകിയിരുന്നു. ബാങ്ക് ഗോഡൗൺ നിർമ്മിക്കാൻ ഉദ്ദേശിച്ച സ്ഥലം, കരമന കളിയിക്കാവിള റോഡ് വികസനവുമായി ബന്ധപ്പെട്ട് എൻ.എച്ച് അതോറിറ്റി ഏറ്റെടുത്തിട്ടുള്ളതാണെന്നും, ആയതിനാൽ സംഘത്തിന് ഗോഡൗൺ നിർമ്മിക്കാൻ സാധിച്ചില്ലയെന്നും, പ്രോജക്റ്റ് പ്രകാരമുള്ള ഗോഡൗൺ നിർമ്മാണം നടക്കാത്തതിനാൽ രണ്ടാം ഗഡു ധനസഹായം ഡീ-സാങ്ഷൻ ചെയ്യുന്നതിനായി ഭരണസമിതി തീരുമാനമെടുത്ത് അപേക്ഷ

സമർപ്പിച്ചിരിക്കുന്നതായി പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നേമം സർവ്വീസ് സഹകരണ ബാങ്കിന് അനുമതി ലഭിച്ച എൻ.സി.ഡി.സി ധനസഹായത്തിന്റെ രണ്ടാം ഗഡുവായ 10.890 ലക്ഷം രൂപ (ഓഹരി - 4.2280 ലക്ഷം രൂപ, വായ്പ - 6.050 ലക്ഷം രൂപ, സബ്സിഡി - 0.612 ലക്ഷം രൂപ ഡീ-സാങ്ഷൻ ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AJI PHILIP

അഡീഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

നേമം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 3150 (സഹകരണ സംഘം രജിസ്ട്രാർ മുഖേന)

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/54/2024/ധന )

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 11-04-2024 10:21:33
സെക്ഷൻ ഓഫീസർ

1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്